LBRD-C2/1/2025-LBRD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ചാക്ക, ചെങ്ങന്നൂർ, പള്ളിക്കത്തോട്, കോഴിക്കോട്, കളമശ്ശേരി, കട്ടപ്പന, ഏറ്റുമാനൂർ, ചന്ദനത്തോപ്പ്, നരിപ്പറ്റ, കണ്ണൂർ, കാസർഗോഡ്, മലമ്പുഴ, ധനുവച്ചപുരം, ചാത്തന്നൂർ എന്നീ ഐ.ടി.ഐ കളിലെ MAEE, MRAC, WIREMAN, PAINTER GENERAL എന്നീ ട്രേഡുകളിലേക്കാവശ്യമായ ഫർണിച്ചർ വിതരണം ചെയ്യുന്നതിനുള്ള മെ.ആർട്ട്കോ തിരുവനന്തപുരം എന്ന സ്ഥാപനത്തിന് സ്റ്റോർ പർച്ചേസ് മാനുവലിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം വിതരണ കാലാവധി 15-03-2025 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ) നം.666/2025/LBR തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. ട്രെയിനിംഗ് ഡയറക്ടറുടെ 22/03/2024 ലെ DT/3970/2023-E4 നം വിതരണ ഉത്തരവ്
2. ട്രെയിനിംഗ് ഡയറക്ടറുടെ 26/12/2024 ലെ DT/3970/2023-E4 നം കത്ത്

## ഉത്തരവ്

പരാമർശം 1 പ്രകാരം വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ചാക്ക, ചെങ്ങന്നൂർ, പള്ളിക്കത്തോട്, കോഴിക്കോട്, കളമശ്ശേരി, കട്ടപ്പന, ഏറ്റുമാനൂർ, ചന്ദനത്തോപ്പ്, നരിപ്പറ്റ, കണ്ണൂർ, കാസർഗോഡ്, മലമ്പുഴ, ധനുവച്ചപുരം, ചാത്തന്നൂർ എന്നീ ഐ.ടി.ഐ.കളിലെ MAEE, MRAC, WIREMAN, PAINTER GENERAL എന്നീ ട്രേഡുകളിലേക്കാവശ്യമായ ഫർണിച്ചർ വിതരണം ചെയ്യുന്നതിന് മെ. ആർട്ട്കോ എന്ന സ്ഥാപനത്തിന് 17,90,314/- രൂപയുടെ (പതിനേഴ് ലക്ഷത്തി തൊണ്ണൂറായിരത്തി മുന്നൂറ്റി പതിനാല് രൂപക്ക് മാത്രം) വിതരണ ഉത്തരവ് ട്രെയിനിംഗ് ഡയറക്ടർ നൽകിയിരുന്നു. വിതരണ ഉത്തരവ് പ്രകാരം 27-03-2024 ആയിരുന്നു വിതരണ കാലാവധി. എന്നാൽ മെ.ആർട്ട്കോ, 14 ഐ.ടി.ഐകളിൽ വിതരണം നടത്താനുള്ളതിൽ 10 ഐ.ടി.ഐ കളിൽ വിതരണം പൂർത്തിയാക്കുകയും 4 ഐ.ടി.ഐ കളിൽ 01/03/2025 നുള്ളിൽ വിതരണം പൂർത്തീകരിക്കുകയും ചെയ്യുകയുണ്ടായി. ആയതിനാൽ മെ.ആർട്ട്കോ തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ വിതരണ കാലാവധി 15-03-2025 വരെ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചാക്ക, ചെങ്ങന്നൂർ, പള്ളിക്കത്തോട്, കോഴിക്കോട്, കളമശ്ശേരി, കട്ടപ്പന, ഏറ്റുമാനൂർ, ചന്ദനത്തോപ്പ്, നരിപ്പറ്റ, കണ്ണൂർ, കാസർഗോഡ്, മലമ്പുഴ, ധനുവച്ചപുരം, ചാത്തന്നൂർ എന്നീ ഐ.ടി.ഐ കളിലെ MAEE, MRAC, WIREMAN, PAINTER GENERAL എന്നീ ട്രേഡുകളിലേക്കാവശ്യമായ ഫർണിച്ചർ വിതരണം ചെയ്ത മെ.ആർട്ട്കോ തിരുവനന്തപുരം എന്ന സ്ഥാപനത്തിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 10.12, 10.29, 10.31 ൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി

**27.03.2024** ൽ അവസാനിച്ച വിതരണ കാലാവധി 15-03-2025 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 02-06-2025 17:31:29
സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്